**അഫ്ഗാനിസ്ഥാനിലെ   ചീഫ് എക്സിക്യൂട്ടീവ് ഡോ. അബ്ദുല്ല അബ്ദുല്ലയുടെ ഇന്ത്യാ സന്ദര്ശനം**

ഫെബ്രുവരി 04, 2016

ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാനിലെ   ചീഫ് എക്സിക്യൂട്ടീവ് ഹിസ് എക്സലന്സി ഡോ. അബ്ദുല്ല അബ്ദുല്ല , ജനുവരി 31 മുതല് ഫെബ്രുവരി നാലു വരെ (31ജനുവരി - 4 ഫെബ്രുവരി 2016) ഇന്ത്യ സന്ദര്ശിച്ചു . ഫെബ്രുവരി ഒന്നിന് അദ്ദേഹം പ്രധാനമന്ത്രിയെ സന്ദര്ശിക്കുകയും സുരക്ഷാ സ്ഥിതിവിശേഷം, സമാധാനം , അഫ്ഗാനിസ്ഥാനിലെ ഒത്തുതീര്പ്പുകള് എന്നിവ ഉള്പ്പെടെ പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ, ആഗോള വിഷയങ്ങളില് ചര്ച്ച നടത്തി. ഫെബ്രുവരി ഒന്ന്, നാല് തീയതികളില് പ്രധാനമന്ത്രിയും ദേശീയ സുരക്ഷാ ഉപദേഷ്ടാവും ഡോ. അബ്ദുല്ലയുമായി കൂടിക്കാഴ്ച നടത്തി

അഫ്ഗാനിസ്ഥാനില് നടന്നു കൊണ്ടിരിക്കുന്ന രാഷ്ട്രീയ, സുരക്ഷാ, സാമ്പത്തിക മാറ്റങ്ങളില് സാധ്യമായ എല്ലാ മാര്ഗത്തിലും ഒപ്പം നില്ക്കുവാനുള്ള പ്രതിബദ്ധത ഇന്ത്യ ഉറപ്പിച്ചു പറഞ്ഞു . അഫ്ഗാനിസ്ഥാനിലും ഇന്ത്യയിലെ പത്താന് കോട്ടിലും അടുത്തയിടെ നടന്ന തീവ്രവാദി ആക്രമണങ്ങളെ ഇരു വിഭാഗവും അപലപിച്ചു , മേഖലയിലെ സമാധാനത്തിനും സ്ഥിരതക്കും വേണ്ടി തീവ്രവാദത്തെ അതിന്റെ എല്ലാ രൂപത്തിലും പ്രകടിപ്പിക്കുന്നതും പിന്തുണക്കുന്നതും പൂര്ണമായും ഉന്മൂലനം ചെയ്യണമെന്ന് ഉറപ്പിച്ച് പറഞ്ഞു

ഉഭയകക്ഷി വികസന സഹകരണം തുടരുന്നതുമായി ബന്ധപ്പെട്ടു അഫ്ഗാനിസ്ഥാനില് ,  92 പദ്ധതികള് ഉള്ക്കൊള്ളുന്ന ചെറുകിട

വികസന പദ്ധതികളുടെ മൂന്നാം ഘട്ടം അംഗീകരിക്കുവാനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ തീരുമാനം അറിയിച്ചു , മുൻഗണന അടിസ്ഥാനത്തില് ഇറാനിലെ ചഹ്ബാര് തുറമുഖം വഴിയുള്ള ഗതാഗതം വികസിപ്പിക്കുവാന് ഇരു ഭാഗവും തീരുമാനിച്ചു

നയതന്ത്ര പാസ്പോര്ട്ടുകള് കൈവശം ഉള്ളവര്ക്ക് വിസ ആവശ്യം ഒഴിവാക്കല് സംബന്ധിച്ച ഒരു കരാര് ഒപ്പ് വച്ചു

ഇന്ത്യയിലെ പ്രധാന ചേംബര് ഓഫ് കൊമേഴ്സ്, വ്യവസായങ്ങളായ അസോചം, സിഐഐ, ഫിക്കി സംയുക്തമായി ഫെബ്രുവരി മൂന്നിന് സംഘടിപ്പിച്ച ചര്ച്ചയെ ഹിസ് എക്സലന്സി ഡോ. അബ്ദുല്ല അഭിസംബോധന ചെയ്യുകയുണ്ടായി

ഫെബ്രുവരി രണ്ടിന് ജയ്പൂരില് ഇന്ത്യാ ഫൌണ്ടേഷന് സംഘടിപ്പിച്ച തീവ്രവാദ പ്രതിരോധ സമ്മേളനത്തില് ഉദ്ഘാടന പ്രസംഗം ആദരണീയനായ രാഷ്ട്രപതിയും പ്രധാന പ്രഭാഷണം ഹിസ് എക്സലന്സി ഡോ. അബ്ദുല്ലയും നടത്തുകയുണ്ടായി

ന്യൂഡെല്ഹി
ഫെബ്രുവരി 04, 2016